**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **13-02-2024 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് കോടതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വെള്ളരിക്കുണ്ട് താലൂക്കിൽ കോടതി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കോടതി സ്ഥാപിയ്ക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള സ.ഉ (കൈ) നം.79/2016/ ആഭ്യന്തരം പ്രകാരമുള്ള മുൻഗണനാപട്ടികയിൽ "Munsiffs/Munsiff's Magistrate/Judicial First class Magistrate Courts/ Mobile Courts" എന്ന ശീർഷകത്തിൽ വെള്ളരിക്കുണ്ട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | വെള്ളരിക്കുണ്ട് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുടേയും ജുഡീഷ്യൽ ഓഫീസർമാരുടെ ക്വാർട്ടേഴ്സിന്റെയും നിർമ്മാണത്തിനായി വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പ വില്ലേജിലെ റീ സർവേ നമ്പർ 69/1 ലെ 76 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച വിഷയം ലാൻഡ് റവന്യൂ കമ്മീഷണറുടെ പരിഗണനയിലാണെന്ന് കാസർകോട് ജില്ലാ കോടതി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന വിവരം ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (സി) | കാഞ്ഞങ്ങാട് കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ; | (സി) | കാസർകോട് കാഞ്ഞങ്ങാട് താലൂക്കിൽ നിലവിൽ കോടതി കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ കോർട്ട് കോംപ്ലക്സ് ഹൊസ്ദുർഗിൽ നിർമിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഹൊസ്ദുർഗ് വില്ലേജിലെ റി.സൈ.നമ്പർ 146/1 പ്രകാരമുള്ള 0.5489 ഹെക്ടർ (1 ഏക്കർ 44 സെൻറ്) വിസ്തൃതിയുള്ള സ്ഥലമാണ് ഹൊസ്ദുർഗിലെ പുതിയ കോടതി സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ളത്. 12-10-2022 ലെ G.O(Ms.)No.237/2022/RD പ്രകാരം പ്രസ്തുത സ്ഥലം ജുഡീഷ്യറി വകുപ്പിന് കൈമാറിയിട്ടുണ്ട്. ഹൊസ്ദുർഗിലെ പുതിയ കോടതി സമുച്ചയത്തിനായി നിർദിഷ്ട സ്ഥലത്ത് കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണത്തിനായി 73 ലക്ഷം രൂപ (എഴുപത്തിമൂന്ന് ലക്ഷം മാത്രം) സ.ഉ(സാധാ). നമ്പർ.1816/2023/ ആഭ്യന്തരം തീയതി 06.07.2023 പ്രകാരം സർക്കാർ |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്നു. 13.10.2023-ന് നിർമ്മാണം ആരംഭിച്ചെങ്കിലും ഹൊസ്ദുർഗ് കോട്ടയ്ക്ക് സമീപമുള്ള ഭൂമിയായതിനാൽ വസ്തുവിന്റെ വടക്കും പടിഞ്ഞാറും വശത്തായി സ്ഥിതി ചെയ്യുന്ന കോട്ടയുടെ പഴയ മതിലിന്റെ ഭാഗത്തെ പ്രസ്തുത നിർമ്മാണം ബാധിക്കുമെന്ന് കാണിച്ച് പുരാവസ്തു വകുപ്പ് എതിർപ്പ് ഉന്നയിച്ചിരുന്നു. ഈ വിഷയം നിലവിൽ പുരാവസ്തു വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത നടപടികൾ സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ